(ബി) കോളനിയിലെ റോഡിന് ആറടി മാത്രമേ വീതിയുള്ളൂ എന്നും ഫലപുഷ്ടിയുള്ള മരങ്ങളും മറ്റും വെട്ടി മാറ്റേണ്ടി വരുമെന്നതിനാൽ 11 കെ.വി. ലൈൻ പ്രസ്തുത റോഡിൽ കൂടി വലിക്കാൻ പറ്റില്ലെന്നും, വേണമെങ്കിൽ കോളനിയുടെ പടിഞ്ഞാറുഭാഗത്തുള്ള ഇടവഴിയിലൂടെ പുതുതായി പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിക്കാവുന്നതാണെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

(സി) കോളനി റോഡിൽ നിലവിലുള്ള എൽ.ടി.ലൈൻ എച്ച്.ടി.ലൈനാക്കി മാറ്റി 11 കെ.വി. ലൈൻ വലിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ആയതിലേക്ക് നിലവിലുള്ള 7 മീ/ 8 മീ.എൽ.ടി. പോസ്റ്റുകൾ മാറ്റി 9 മീ പി.എസ്.സി. പോസ്റ്റുകൾ സ്ഥാപിക്കണം. നിലവിൽ ഒരു ലൈൻ ഉള്ളതിനാൽ വെട്ടി മാറ്റേണ്ട മരങ്ങളും ശാഖകളും പുതുതായി ഒരു എച്ച്.ടി.ലൈൻ സ്ഥാപിക്കുന്നതിനെ അപേക്ഷിച്ച് കുറവായിരിക്കും. മാത്രമല്ല, നിലവിലുള്ള പഴകി ദ്രവിച്ച ഇരുമ്പു പോസ്റ്റുകൾ മാറ്റപ്പെടുകയും ചെയ്യും. നിവേദനത്തിൽ നിർദ്ദേശിച്ച ഇടവഴി പ്രസ്തുത റോഡിനേക്കാൾ വീതി കുറഞ്ഞതും ധാരാളം മരങ്ങൾ ഉള്ളതും നീളം കൂടിയതുമാണ്. ആയതിനാൽ നിലവിൽ പിൻതുടരുന്ന മാർഗ്ഗങ്ങളനുസരിച്ച് കോളനി റോഡിലൂടെ തയ്യാറാക്കിയ എസ്റ്റിമേറ്റാണ് കൂടുതൽ പ്രായോഗികമെന്ന് തീരുമാനിക്കുകയും ഇത്തരത്തിൽ ഒരു മറുപടി കുറിച്ചി സെക്ഷനാഫീസിൽ നിന്ന് 16-11-1998-ൽ നൽകുകയുണ്ടായി. തടസ്സം നിലനിന്നിരുന്നതിനാൽ അത് പരിഹരിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിന്റെ പരിഗണനക്കായി വിട്ടു.

(ഡി) കെ.എസ്.ഇ.ബി അംഗീകരിച്ച റൂട്ടിലെ തടസ്സം ജില്ലാ കളക്ടർ തന്റെ ഉത്തരവിലൂടെ നീക്കുകയും കോടതിയുടെ നിർദ്ദേശ പ്രകാരം ജില്ലാ കളക്ടർ തന്റെ ഉത്തരവ് പുന:പരിശോധിക്കുകയും സ്ഥിതീകരിക്കുകയുമാണുണ്ടായത്. കോടതിയുടെ വിധി നടപ്പാക്കാനാണ് പ്രസ്തുത റൂട്ട് വഴി പണി ആരംഭിച്ചത്. കോടതിയുടെ നിർദ്ദേശമില്ലാതെ തീരുമാനം മാറ്റാൻ നിർവാഹമില്ല.

(ഇ& എഫ്) കോടതി ഉത്തരവ് നിലനിൽക്കുന്നതിനാൽ ബോർഡ് പുതുതായി തീരുമാനമൊന്നും എടുത്തിട്ടില്ല.

(ജി) ഉണ്ട്.

(എച്ച്) അറിയില്ല.

(ഐ) നിലവിലുള്ള നിയമം അനുസരിച്ച് നഷ്ടപരിഹാരത്തിന് അർഹതയില്ല.

നീതി മെഡിക്കൽ സ്റ്റോറുകളെ അട്ടിമറിക്കാനുള്ള നീക്കം തടയുന്നതിന് നടപടി

29 (*59) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ നീതി മെഡിക്കൽ സ്റ്റോറുകളെ അട്ടിമറിക്കാനുള്ള ചില മെഡിക്കൽ സ്റ്റോറുടമകളുടെ നീക്കം തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നീതി മെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നു നൽകാൻ ഏതെങ്കിലും സ്ഥാപനങ്ങൾ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി)എല്ലാത്തരം മരുന്നുകളും നീതി സ്റ്റോറുകളിൽ ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 1999 നവംബർ 30 നകം നിലവിൽ വരുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള എല്ലാ നീതി മെഡിക്കൽ സ്റ്റോറുകളും നിലവിൽ വന്നിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് പുതുതായി നീതി മെഡിക്കൽ സ്റ്റോറുകൾ/പേയിംഗ് കൗണ്ടറുകൾ ആരംഭിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ/പേയിംഗ് കൗണ്ടറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് മരുന്നുകൾ നേരിട്ട് സപ്ലൈ ചെയ്യുന്നതിൽ നിന്നും മരുന്നുല്പാദക കമ്പനികളെ ആൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗ്ഗിസ്റ്റ് അസോസിയേഷൻ (എ.കെ.സി.ഡി.എ) എന്ന സംഘടന വിലക്കിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ യഥാസമയം പ്രശ്നത്തിൽ ഇടപെടുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടു തന്നെ എ.കെ.സി.ഡി.എ പ്രതിനിധികളുമായും മരുന്നുല്പാദക കമ്പനികളുമായും പ്രത്യേകം പ്രത്യേകം ചർച്ച നടത്തുകയും അതിനെതുടർന്ന് നീതി മെഡിക്കൽ സ്റ്റോറുകൾക്കാവശ്യമായ മരുന്ന് കമ്പനികളിൽ നിന്നും നേരിട്ട് വീണ്ടും ലഭിച്ചു തുടങ്ങി. നീതി മെഡിക്കൽ സ്കീമിലേക്ക് മരുന്ന് സപ്ലൈ ചെയ്യുന്നതിന് ഫാർമസ്യൂട്ടിക്കൽസ് കമ്പനികളെ നിർബന്ധിക്കുന്നതിൽ നിന്നും സംസ്ഥാന സർക്കാരിനേയും ഡ്രഗ്സ് കൺട്രോളറെയും വിലക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് എ.കെ.സി.ഡി.എ. എന്ന സംഘടന ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇതിനെതിരെ ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കേസ് ഇതുവരെയും തീർപ്പാക്കിയിട്ടില്ല.

(ബി)ആന്റ് (സി) നമ്മുടെ രാജ്യത്ത് മരുന്നുല്പാദക രംഗത്ത് പ്രവർത്തിക്കുന്ന ഏകദേശം 300-ഓളം കമ്പനികളിൽ 15 മരുന്നുല്പാദക കമ്പനികൾ മാത്രമാണ് ഇപ്പോഴും നീതി മെഡിക്കൽ പദ്ധതിയിലേക്ക് മരുന്നുകൾ വിതരണം ചെയ്യാത്തത്. അവയുടെ ലിസ്റ്റ് അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.† ഡ്രഗ്സ് (പ്രൈസ് കൺട്രോൾ) ഓർഡർ 1995 പ്രകാരം

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ലൈസൻസുള്ള സ്ഥാപനങ്ങൾക്ക് മരുന്ന് കൊടുക്കാതിരിക്കുന്നത് നിയമ വിരുദ്ധമായതിനാൽ ഈ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഡ്രഗ്സ് കൺട്രോളറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മരുന്ന് സപ്ലൈ ചെയ്യാതിരിക്കുന്ന മരുന്ന് കമ്പനികളുമായി മരുന്നു സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നുണ്ട്.

(ഡി) സംസ്ഥാനത്താകെ 100 നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനാണ് പദ്ധതിയിൽ ആദ്യം ലക്ഷ്യമിട്ടിരുന്നത്. അതിൽ 74 എണ്ണം ഇതിനകം തന്നെ തുടങ്ങി കഴിഞ്ഞു.

(ഇ) സംസ്ഥാനത്താകെ 100 നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്നത്. കൂടുതൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആവശ്യമെന്ന് കണ്ടാൽ തുടങ്ങുന്നതാണ്. അതിൻപ്രകാരം നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാൻ സന്നദ്ധരായി മുന്നോട്ട് വരുന്ന സഹകരണ സംഘങ്ങൾ അപേക്ഷകൾ സമർപ്പിച്ചാൽ അവ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. മൊത്തം 116 സംഘങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2000-2001 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് 50 നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള ഒരു പദ്ധതിക്ക് ഫെഡറേഷൻ ലക്ഷ്യമിട്ടിട്ടുണ്ട്. പേയിംഗ് കൗണ്ടറുകൾ നീതി മെഡിക്കൽ സ്റ്റോർ പദ്ധതിയിൽപ്പെടുത്തുന്നതല്ല.

(എഫ്) സംസ്ഥാനത്ത് ഇപ്പോൾ 74 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ നൽകിയിട്ടുണ്ട്.[†] .

നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനം

30 (*60) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. രാജു എബ്രഹാം; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സർക്കാർ എന്തെങ്കിലും പങ്കു വഹിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ലാസുകൾ, മഹിളാസമാജങ്ങൾ, ജില്ലാ യൂത്ത് ക്ലബുകൾ എന്നിവ എന്തെങ്കിലും പ്രവർത്തനം നടത്തി വരുന്നതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ നെഹ്റു യുവകേന്ദ്രത്തിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന ക്ലബുകളേയും, മഹിളാസമാജങ്ങളേയും, ജില്ലാ യൂത്ത്

[†] അനുബന്ധം IV എ

LIBRARY ARCHIVES Kerala Legislative Assembly

മെയിന്റനൻസ് വിഭാഗത്തിൽപ്പെട്ട 6 പേരെ ചാർജ്ജുകളിൽ നിന്ന് വിമുക്തരാക്കുകയും ചെയ്തു. കുട്ടപ്പാറയിൽ പൈപ്പ് പൊട്ടിയതിനെ സംബന്ധിച്ച് അന്നത്തെ ചീഫ് എൻജിനീയർ, പി.എസ്.ആന്റ് ജനറൽ ആയിരുന്ന ശ്രീ. ബി.എഫ്. എച്ചാർ. ബിജ്‌ലി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുവേണ്ടി ദക്ഷിണമേഖലാ ചീഫ് എൻജിനീയറെ രേഖാമൂലം ചുമതലപ്പെടുത്തുകയും അതനുസരിച്ച് പേരൂർക്കട ആസ്ഥാനമാക്കി ഒരു "സർവലെൻസ്" യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുകയും ചെയ്യുന്നു.

അനുബന്ധം IV

[22-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 29 (*59) ന്റെ 'ബി&സി' ഉത്തരം ദയവായി കാണുക]

നീതി മെഡിക്കൽ പദ്ധതിയിലേയ്ക്ക് മരുന്നുകൾ വിതരണം ചെയ്യാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ്.

1. അബോട്ട് ലബോറട്ടറീസ് , എറണാകുളം
2. അലംബിക് ലിമിറ്റഡ് , എറണാകുളം
3. അമേരിക്കൻ റമഡീസ് , എറണാകുളം
4. ലൂപ്പിൻ ലബോറട്ടറീസ്, തൃശ്ശൂർ
5. റാലീസ് ഇൻഡ്യ ലിമിറ്റഡ്, കണ്ണൂർ
6. മൈക്രോലാസ്, എറണാകുളം
7. മൈക്രോനോവ, എറണാകുളം
8. ഇൻഡോക്കോറമഡീസ്, എറണാകുളം
9. ലൈക്കലാബ്സ്, കണ്ണൂർ
10. ഫോട്ടസ് ഇൻഡ്യാ, തൃശ്ശൂർ
11. സൊമാറ്റിക്കോ, എറണാകുളം
12. അശോകഡ്രഗ്സ്, കോഴിക്കോട്
13. സെൻട്രൽ ഏജൻസീസ്, കോഴിക്കോട്
14. അലർഗാൻ, കോഴിക്കോട്
15. ഡൊവാട്ടീസ്, എറണാകുളം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV 'എ'

[22-2-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 29 (*59) ന്റെ 'എഫ്' ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

തിരുവനന്തപുരം	-	11
കൊല്ലം	-	6
പത്തനംതിട്ട	-	6
ആലപ്പുഴ	-	4
കോട്ടയം	-	5
ഇടുക്കി	-	5
എറണാകുളം	-	7
തൃശ്ശൂർ	-	11
പാലക്കാട്	-	2
മലപ്പുറം	-	5
കോഴിക്കോട്	-	4
വയനാട്	-	2
കണ്ണൂർ	-	5
കാസർഗോഡ്	-	1
ആകെ	-	74

അനുബന്ധം V

[22-2-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1 (164) 'സി'&'ഡി' ഉത്തരം ദയവായി കാണുക.]

	പ്ലാൻ (തുക ലക്ഷത്തിൽ)		നോൺപ്ലാൻ തുക(ലക്ഷത്തിൽ)	
	വിഹിതം	ചെലവ്	വിഹിതം	ചെലവ്
പ്രീമെട്രിക് വിദ്യാഭ്യാസം	2.00	1.98	242.00	218.450
പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം 100% സി.എസ്എസ്.	2000.00	-	-	-
പോസ്റ്റ് മെട്രിക്	8.00	7.99	865.00	906.08

LIBRARY ARCHIVES Kerala Legislative Assembly